**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6077** **17-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2017 മുതൽ നാളിതുവരെ സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ എത്ര ഇന്റലിജൻസ് റിപ്പോർട്ടുകളാണ് തങ്ങളുടെ മേലുദ്യോഗസ്ഥർക്ക് സമർപ്പിച്ചിട്ടുള്ളത്; മേലുദ്യോഗസ്ഥർ എത്ര റിപ്പോർട്ടുകളിന്മേൽ നടപടി ആരംഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | 2017 മുതൽ നാളിതുവരെ സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ 646 ഇന്റലിജൻസ് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. സമർപ്പിക്കപ്പെട്ട എല്ലാ റിപ്പോർട്ടുകളിലും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്റലിജൻസ് റിപ്പോർട്ടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇപ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള റിപ്പോർട്ടുകളിൽ തുടർ നടപടികൾക്ക് കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | നിലവിൽ ഇന്റലിജൻസ് റിപ്പോർട്ടുകൾ ഇൻസ്പെക്ടർമാർ ഓഫീസർമാർക്ക് സമർപ്പിക്കുന്നതിന് വ്യക്തിഗത ഇ - മെയിൽ ഐ.ഡി. യോ സുരക്ഷിതമല്ലാത്ത ഇ - മെയിൽ ഐ.ഡി. യോ ഉപയോഗിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് എൻ.ഐ.സി. നൽകുന്ന പെൻ നമ്പർ അധിഷ്ഠിത വ്യക്തിഗത സർക്കാർ ഇ - മെയിലുകളോ ഇ - ഓഫീസ് സംവിധാനങ്ങളോ ഉപയോഗിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | **നിലവിൽ ഇന്റലിജൻസ് റിപ്പോർട്ടുകൾ ഇൻസ്പെക്ടർമാർ ഓഫീസർമാർക്ക് സമർപ്പിക്കുന്നതിന് വ്യക്തിഗത ഇ - മെയിൽ ഐ.ഡി. യോ സുരക്ഷിതമല്ലാത്ത ഇ - മെയിൽ ഐ.ഡി. യോ ഉപയോഗിക്കാറില്ല. ഇന്റലിജൻസ് റിപ്പോർട്ടിന്റെ രഹസ്യാത്മകത നിലനിർത്തേണ്ടതിന്റെ ഉത്തരവാദിത്വം റിപ്പോർട്ട് തയ്യാറാക്കി നൽകുന്ന ഉദ്യോഗസ്ഥനിലും ആയത് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥനിലും നിക്ഷിപ്തമാണ്. ഇതുവരെ നടത്തിയ അന്വേഷണ റിപ്പോർട്ടുകളുടെ രഹസ്യാത്മകത നിലനിർത്തുന്നതിൽ അങ്ങേയറ്റം ശ്രദ്ധ നൽകിയിട്ടുണ്ട്.** |
| (ഡി) | ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ എത്രയെണ്ണത്തിൽ ഇൻസ്പെക്ഷൻ/സെർച്ച് നടത്തിയിട്ടുണ്ട്; എത്ര കേസുകളിൽ ഇൻസിഡന്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്; ഓരോ കേസിലും എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

| ജില്ല | ഇൻസ്പെക്ഷൻ/ സെർച്ചുകളുടെ എണ്ണം | ഇൻസിഡന്റ് റിപ്പോർട്ട് തയ്യാറാക്കിയ കേസുകളുടെ എണ്ണം | ആകെ നികുതി വെട്ടിപ്പിനത്തിൽ കണ്ടെത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| തിരുവനന്തപുരം | 33 | 30 | 3251.26 |
| കൊല്ലം | 20 | 19 | 2878 |
| പത്തനംതിട്ട | 14 | 10 | 311.47 |
| ആലപ്പുഴ | 15 | 14 | 1220.52 |
| കോട്ടയം | 8 | 6 | 1697.46 |
| ഇടുക്കി | 29 | 29 | 1996 |
| എറണാകുളം | 29 | 33 | 392.84 |
| ആലുവ | 22 | 28 | 765.34 |
| തൃശ്ശൂർ | 26 | 24 | 853 |
| പാലക്കാട് | 12 | 31 | 1805.01 |
| കോഴിക്കോട് | 20 | 49 | 6078 |
| വയനാട് | 7 | 14 | 396 |
| മലപ്പുറം | 9 | 4 | 454 |
| കണ്ണൂർ | 37 | 37 | 1514 |
| കാസർഗോഡ് | 4 | 17 | 705 |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| | |
|---|---|
| തിരുവനന്തപുരം | 108 |
| കൊല്ലം | 110 |
| പത്തനംതിട്ട | 14 |
| ആലപ്പുഴ | 36 |
| കോട്ടയം | 28 |
| ഇടുക്കി | 10 |
| എറണാകുളം | 46 |
| ആലുവ | 31 |
| തൃശ്ശൂർ | 26 |
| പാലക്കാട് | 46 |
| കോഴിക്കോട് | 70 |
| വയനാട് | 16 |
| മലപ്പുറം | 14 |
| കണ്ണൂർ | 61 |
| കാസർഗോഡ് | 30 |

Jasmi

സെക്ഷൻ ഓഫീസർ